**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 130** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>പോലീസ് സ്റ്റേഷനുകളിലെ സി.സി.ടി.വി ദൃശ്യങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. സി. വിഷ്ണുനാഥ് ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. പി. സി. വിഷ്ണുനാഥ് (ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ സി.സി.ടി.വി ദൃശ്യങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകുന്നതിന് നിലവിൽ ഏതെങ്കിലും നിയമപരമായ തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പോലീസ് സ്റ്റേഷനിലെ CCTV ദൃശ്യ ങ്ങളിൽ അവ ആവശ്യപ്പെടുന്ന വ്യക്തിക്ക് പുറമെ, പോലീസ് സ്റ്റേഷനിൽ എത്തി ച്ചേരുന്ന മറ്റു പരാതിക്കാരുടെയും പ്രതികളു ടെയും informers-ന്റെയും ദൃശ്യങ്ങൾ ഉണ്ടാകുന്നതാണ്. POCSO, Rape മുതലായ കേസുകളിലെ പരാതിക്കാരുടെ വിവര ങ്ങൾ പുറത്തു വിടുന്നത് നിയമ പ്രകാരം ശിക്ഷാർഹമാണ്.

വിവിധ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് വിവരങ്ങൾ നൽകുവാൻ പോലീസ് സ്റ്റേഷനിൽ എത്തുന്നവരുടെ ദൃശ്യങ്ങൾ പുറത്തുവിടുന്നത് അവരുടെ സുരക്ഷയെ ബാധിക്കുന്നതാണ്. കൂടാതെ മറ്റു പരാതി ക്കാരുടെയും പ്രതികളുടെയും ദൃശ്യങ്ങൾ പരസ്യപ്പെടുത്തുന്നത് അവരുടെ സ്വകാര്യ തയെ ബാധിക്കുന്നതുമാണ്. മേൽ കാര്യങ്ങൾ പരിശോധിച്ചതിനു ശേഷ മാണ് പോലീസ് സ്റ്റേഷനിലെ CCTV ദൃശ്യങ്ങൾ വിവരാവകാശ നിയമ പ്രകാരം നൽകുന്നതിനെ കുറിച്ച് തീരുമാനമെടു ക്കുന്നത്.

**(ബി)** മേൽപ്പറഞ്ഞ വിഷയത്തിൽ സർക്കാർ ഏന്തെങ്കിലും മാർഗ്ഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പോലീസ് സ്റ്റേഷനിലെ CCTV ദൃശ്യ ങ്ങളിൽ അവ ആവശ്യപ്പെടുന്ന വ്യക്തിക്ക് പുറമെ, പോലീസ് സ്റ്റേഷനിൽ എത്തി ച്ചേരുന്ന മറ്റു പരാതിക്കാരുടെയും പ്രതികളു ടെയും informers-ന്റെയും ദൃശ്യങ്ങൾ ഉണ്ടാകുന്നതാണ്. POCSO, Rape മുതലായ കേസുകളിലെ പരാതിക്കാരുടെ വിവര ങ്ങൾ പുറത്തു വിടുന്നത് നിയമ പ്രകാരം ശിക്ഷാർഹമാണ്.

വിവിധ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് വിവരങ്ങൾ നൽകുവാൻ പോലീസ് സ്റ്റേഷനിൽ എത്തുന്നവരുടെ ദൃശ്യങ്ങൾ പുറത്തുവിടുന്നത് അവരുടെ സുരക്ഷയെ ബാധിക്കുന്നതാണ്. കൂടാതെ മറ്റു പരാതി ക്കാരുടെയും പ്രതികളുടെയും ദൃശ്യങ്ങൾ പരസ്യപ്പെടുത്തുന്നത് അവരുടെ സ്വകാര്യ തയെ ബാധിക്കുന്നതുമാണ്. മേൽ കാര്യങ്ങൾ പരിശോധിച്ചതിനു ശേഷ മാണ് പോലീസ് സ്റ്റേഷനിലെ CCTV ദൃശ്യങ്ങൾ വിവരാവകാശ നിയമ പ്രകാരം നൽകുന്നതിനെ കുറിച്ച് തീരുമാനമെടു ക്കുന്നത്.

**(സി)** 2016 മുതൽ നാളിതുവരെ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലെ സി.സി.ടി.വി ദൃശ്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര വിവരാവകാശ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അവയിൽ എത്ര അപേക്ഷകളിൽ ദൃശ്യങ്ങൾ നൽകിയിട്ടുണ്ട്, എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട്, എത്ര അപേക്ഷകളിൽ വിവരാവകാശ കമ്മീഷന്റെ ഉത്തരവിനെ തുടർന്ന് ദൃശ്യങ്ങൾ നൽകിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**മറുപടി:** 2016 മുതൽ 19.01.2026 തീയതി വരെ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ 659 അപേക്ഷകൾ സി.സി.ടി.വി. ദൃശ്യങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് ലഭിച്ചിട്ടുണ്ട്. ലഭ്യമായ അപേക്ഷ കളിൽ 166 എണ്ണത്തിന് ദൃശ്യങ്ങൾ നൽകിയിട്ടുണ്ട്. 417 അപേക്ഷകൾ നിരസി ച്ചിട്ടുണ്ട്. 24 അപേക്ഷകളിൽ വിവരാവകാശ കമ്മീഷന്റെ ഉത്തരവിനെ തുടർന്ന് ദൃശ്യങ്ങൾ നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**